**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1555** **04.10.2016 ൽ മറുപടിക്ക്.**

**റാന്നി താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് സെന്റർ**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | റാന്നി താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് സെന്ററിന് എന്നാണ് അനുമതി നൽകിയത്; ഇതോടൊപ്പം അനുമതി ലഭിച്ച എത്ര ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിച്ചു; ആരംഭിക്കാത്ത ആശുപത്രികൾ ഏതൊക്കെയെന്നു പറയാമോ; | എ) | 05.02.2013-ലെ സ.ഉ. (സാധാ.) നം.114/2013/ റ്റി.ഡി. പ്രകാരം റാന്നി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ തുടങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം അനുമതി ലഭിച്ച മറ്റ് 26 ആശുപത്രികളിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ മാത്രമേ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളു. |
| ബി) | പ്രസ്തുത ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | ബി) യും സി) യും | 05.02.2013-ലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | രോഗികൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്ന ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ഈ ആശുപത്രിയിൽ ആരംഭിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ